28
2025
മേയ്
ബുധൻ
ഇടവം 14

NAUTICAL TIMES KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.149 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-149 | പേജ് 4. വില 2.00 രൂപ




02 മാനേജറെ മർദിച്ചെന്ന് പരാതി; നടൻ ഉണ്ണി മുകുന്ദനെതിരെ കേസെടുത്തു

03 പടിഞ്ഞാറൻ കാറ്റും ന്യൂനമർദവും; മൂന്നുദിവസം അതിതീവ്ര മഴ

04 വർക്കലയിലും അഞ്ചുതെങ്ങിലും കൂടുതൽ കണ്ടെയ്നറുകൾ

# ജലനിരപ്പുയരുന്നു; പ്രളയ മുന്നറിയിപ്പ്



തിരുവനന്തപുരം: കനത്ത മഴയ്ക്കു പിന്നാലെ സംസ്ഥാനത്തെ ഒമ്പതോളം പുഴകളിൽ പ്രളയ സാധ്യതാ മുന്നറിയിപ്പ്. കോട്ടയം ജില്ലയിലെ മീനച്ചിൽ, കോഴിക്കോട് ജില്ലയിലെ കോരപ്പുഴ, പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ, മണിമല എന്നീ നദികളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു.

തിരുവനന്തപുരം ജില്ലയിലെ വാമനപുരം, കണ്ണൂർ ജില്ലയിലെ പെരുമ്പ, മലപ്പുറം ജില്ലയിലെ ഭാരതപ്പുഴ, കാസർഗോഡ് ജില്ലയിലെ ഉപ്പള, വയനാട് ജില്ലയിലെ കബനി എന്നീ നദികളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. പുഴയോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കമെന്ന് സംസ്ഥാന ദുരന്ത നിവാരണ അഥോറിറ്റി മുന്നറിയിപ്പ് നൽകി.

അപകടകരമായ രീതിയിൽ ജലനിരപ്പുയരുന്നതിനെ തുടർന്ന് സംസ്ഥാന ജലസേചന വകുപ്പിന്റെ കോട്ടയം ജില്ലയിലെ മീനച്ചിൽ നദിയിലെ പേരൂർ സ്റ്റേഷൻ, കോഴിക്കോട് ജില്ലയിലെ കോരപ്പുഴ നദിയിലെ കുന്നമംഗലം സ്റ്റേഷൻ, പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ നദിയിലെ കല്ലേലി സ്റ്റേഷൻ, കോന്നി ജിഡി സ്റ്റേഷൻ , മണിമല നദിയിലെ തോന്ദ്ര (വള്ളംകുളം) സ്റ്റേഷൻ എന്നിവിടങ്ങളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

അതേസമയം, കണ്ണൂർ ജില്ലയിലെ പെരുമ നദിയിലെ കൈതപ്രം സ്റ്റേഷൻ, കാസർഗോഡ് ജില്ലയിലെ ഉപ്പള നദിയിലെ ഉപ്പള സ്റ്റേഷൻ, കോഴിക്കോട് ജില്ലയിലെ കോരപ്പുഴ നദിയിലെ കൊള്ളിക്കൽ സ്റ്റേഷൻ, കൊടിയങ്ങാട് സ്റ്റേഷൻ, മലപ്പുറം ജില്ലയിലെ ഭാരതപ്പുഴ നദിയിലെ തിരുവേഗപ്ര സ്റ്റേഷൻ; തിരുവനന്തപുരം ജില്ലയിലെ വാമനപുരം നദിയിലെ മൈലമൂട് സ്റ്റേഷൻ, വയനാട് ജില്ലയിലെ കബനി നദിയിലെ കേളോത്തുകടവ് സ്റ്റേഷൻ, മുത്തങ്ങ സ്റ്റേഷൻ, പനമരം സ്റ്റേഷൻ, കേന്ദ്ര ജലകമ്മീഷന്റെ മുത്തൻകര സ്റ്റേഷൻ എന്നിവിടങ്ങളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.ഈ നദികളുടെ കരയിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തേണ്ടതാണെന്നും മുന്നറിയിപ്പിൽ പറയുന്നു. യാതൊരു കാരണവശാലും ആളുകൾ നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കേണ്ടതാണ്. അധികൃതരുടെ നിർദേശാനുസരണം പ്രളയ സാധ്യതയുള്ളയിടങ്ങളിൽ നിന്ന് മാറിത്താമസിക്കാൻ തയാറാകണമെന്നും സംസ്ഥാന ദുരന്തനിവാരണ അഥോറിറ്റി അറിയിച്ചു.



വർക്കലയ്ക്കടുത്ത് അടിഞ്ഞുകൂടിയ കണ്ടെയ്നർ

## എണ്ണപ്പാട പരക്കുന്നത് തടയണം: നടപടികൾ വേഗത്തിലാക്കാൻ നിർദേശം

കൊച്ചി: അറബിക്കടലിൽ മുങ്ങിത്താണ എംഎസ്സി എൽസ 3 ലൈബീരിയൻ കപ്പലിൽ നിന്ന് എണ്ണപ്പാട പരക്കുന്നത് തടയുന്നതിനും കണ്ടെയ്നറുകൾ വീണ്ടെടുക്കുന്നതിനുമുള്ള നടപടികൾ വേഗത്തിലാക്കാൻ കപ്പലിന്റെ ഉടമസ്ഥരായ എംഎസ്സി ഷിപ് മാനേജ്മെന്റ് ലിമിറ്റഡിനു നിർദേശം.

പരിസ്ഥിതി നാശം വരാതെ അപകടകരമായ വസ്തുക്കൾ അടങ്ങിയ കണ്ടെയ്നറുകൾ പരക്കുന്നത് ഒഴിവാക്കാനും ആവശ്യമായ ഉപകരണങ്ങൾ എത്തിക്കാനുമാണ് ഉന്നതലയോഗത്തിൽ നിർദേശം ഉണ്ടായിട്ടുള്ളത്.

60 മീറ്റർ താഴ്ചയിൽ മുങ്ങിയ കപ്പലിലെ കണ്ടെയ്നറുകളും മുങ്ങിയിട്ടുണ്ട്. ഈ കണ്ടെയ്നറുകൾ വീണ്ടെടുക്കാൻ വിദഗ്ധരെ കൊണ്ടുവരാനും വിദഗ്ധ ഏജൻസികളെ നിയമിക്കാനും നിർദേശമുണ്ട്. ഇക്കാര്യങ്ങൾ ഏകോപിപ്പിക്കാനായി കമ്പനിയുടെ പ്രത്യേക ടീം തന്നെ കൊച്ചിയിൽ ഉണ്ടാവണമെന്നാണ് നിർദേശം. നിലവിൽ നാലംഗ സംഘം കമ്പനിയെ പ്രതിനിധീകരിച്ച് കൊച്ചിയിലുണ്ട്. കപ്പലും മറ്റും കെട്ടിവലിക്കുന്ന രണ്ട് ടഗ്ഗുകൾ മുംബൈയിൽനിന്ന് വേഗത്തിലെത്തിക്കാനും നിർദേശമുണ്ട്. കണ്ടെയ്നറുകൾ വീണ്ടെടുക്കാൻ മത്സ്യബന്ധന ബോട്ടുകളും ഉപയോഗിക്കും.

## അൻവറിൻറേത് സമ്മർദതന്ത്രം; വിലപേശലിന് വഴങ്ങില്ലെന്ന് കോൺഗ്രസ്

മലപ്പുറം: പി.വി അൻവറിന്റെ വിലപേശലിന് വഴങ്ങേണ്ടെന്ന് കോൺഗ്രസ് നേതൃത്വത്തിന്റെ തീരുമാനം. യുഡിഎഫ് പ്രവേശനം ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾ അംഗീകരിക്കില്ലെന്നുമാണ് പുറത്ത് വരുന്ന വിവരം. ഷൗക്കത്തിനെതിരേ അൻവർ പരസ്യ നിലപാടെടുത്തത് അതിരുവിട്ട പ്രതികരണമായിപ്പോയെന്നുമാണ് പാർട്ടി നേതൃത്വത്തിന്റെ നിലപാട്.ഇതിനിടെ പി.വി അൻവറുമായി കെ.സുധാകരൻ ചർച്ച നടത്തിയിരുന്നു. തിങ്കളാഴ്ച രാത്രി മഞ്ചേരിയിൽ വെച്ചായിരുന്നു കൂടിക്കാഴ്ച. നിലമ്പൂരിൽ പരസ്യമായ കലാപത്തിലേക്ക് പോകരുതെന്ന് സുധാകരൻ അൻവറിനോട് അഭ്യർഥിച്ചിട്ടുണ്ട്.എന്നാൽ സമ്മർദതന്ത്രമാണ് അൻവർ സ്വീകരിച്ചിരിക്കുന്നതെന്നാണ് കോൺഗ്രസിന്റെ നിലപാട്. പാർട്ടിയെ യുഡിഎഫ് ഘടകകക്ഷി ആക്കിയില്ലെങ്കിൽ അൻവർ നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്നാണ് തൃണമൂൽ നേതൃത്വം ഇന്ന് അറിയിച്ചത്.ഇക്കാര്യത്തിൽ രണ്ട് ദിവസത്തിനുള്ളിൽ യുഡിഎഫ് തീരുമാനം അറിയിക്കണമെന്നും തൃണമൂലിന്റെ നിലമ്പൂർ മണ്ഡലം പ്രസിഡൻറ് ഇ.എ.സുകു അറിയിച്ചു. അൻവറുമായുള്ള ചർച്ചയ്ക്ക് ശേഷമാണ് പാർട്ടി നേതൃത്വം മാധ്യമങ്ങളെ കണ്ടത്.

## എൽഡിഎഫ് സ്ഥാനാർഥി പ്രഖ്യാപനം വെള്ളിയാഴ്ച

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള എൽഡിഎഫ് സ്ഥാനാർഥിയെ വെള്ളിയാഴ്ച പ്രഖ്യാപിക്കുമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ. ശക്തനായ സ്ഥാനാർഥിയെ കളത്തിലിറക്കുമെന്നും മലപ്പുറത്ത് ചേർന്ന പാർട്ടി യോഗത്തിനുശേഷം എം.വി.ഗോവിന്ദൻ പറഞ്ഞു. പി.വി.അൻവർ അടഞ്ഞ അധ്യായമാണെന്ന് എൽഡിഎഫ് കൺവീനർ ടി.പി.രാമകൃഷ്ണൻ പറഞ്ഞു. അൻവർ എൽഡിഎഫിൽ ഒരു കോളിളക്കവും സൃഷ്ടിച്ചിട്ടില്ല.

## പുതിയ പോലീസ് മേധാവി; ആറു പേരുടെ പട്ടിക കൈമാറി

തിരുവനന്തപുരം: പുതിയ ഡിജിപിയെ തെരഞ്ഞെടുക്കുന്നതിനായി ആറു പേരുടെ പട്ടിക കേരളം കേന്ദ്രത്തിന് കൈമാറി. നിതിൻ അഗർവാൾ, റാവഡാ ചന്ദ്രശേഖർ, യോഗേഷ് ഗുപ്ത, മനോജ് ഏബ്രഹാം, സുരേഷ് രാജ്പുരോഹിത്, എം.ആർ. അജിത്കുമാർ എന്നിവരാണ് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. കൈമാറിയ പേരുകളിൽ നിന്നും മൂന്നു പേരെ കേന്ദ്രം തെരഞ്ഞെടുത്ത് കേരളത്തെ അറിയിക്കും. ഉദ്യോഗസ്ഥരുടെ സീനിയോറിറ്റിയും പ്രവർത്തനവും സ്വഭാവശുദ്ധിയും പരിഗണിച്ചാണ് കേന്ദ്രം മൂന്നംഗ പട്ടിക തയാറാക്കുക.

## മികവിന്റെ പുരസ്കാരം ഇൻഫന്റ് ജീസസ്സ് എൽപിഎസ്സിന്

കൊല്ലം: ഇൻഫന്റ് ജീസസ്സ് ലോവർ പ്രൈമറി സ്കൂളിന് മികവിന്റെ പുരസ്ക്കാരം. കൊല്ലം ലത്തീൻ രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന എൽ.പി സ്കൂളുകളിലെ പ്രവർത്തനമികവിനുള്ള കോർപ്പറേറ്റ് മാനേജുമെന്റിന്റെ ഏറ്റവും മികച്ച സ്കൂളിനുള്ള ഇക്കഴിഞ്ഞ വർഷത്തെ(2024 2025) പുരസ്കാരമാണ് ഇൻഫന്റ് ജീസസ്സ് സ്കൂൾ നേടിയെടുത്തത്.



കൊല്ലം ബിഷപ്പ് പോൾ ആന്റെണി മുല്ലശ്ശേരി പിതാവിൽ നിന്നും ഇൻഫെന്റ് ജീസസ്സ് എൽപിഎസ്സ് ഹെഡ്മാസ്റ്റർ ബെന്നി.എ. ഏറ്റുവാങ്ങുന്നു.

കൊല്ലം ബീച്ചിനോടു തൊട്ടു കിടക്കുന്ന തോപ്പിലെ സെന്റ് സ്റ്റീഫൻ പള്ളിക്കു സമീപം പ്രവർത്തിക്കുന്ന ഈ എൽ.പി സ്കൂളിന് കൊല്ലം നഗരത്തിലെ നൂറ്റിനാൽപതു വർഷത്തെ പുരതന പൈതൃകം പേറുന്നുവെന്ന പ്രത്യേകതയുമുണ്ട്.പാർശ്വവൽക്കരിക്കപ്പെട്ട തീരസമൂഹത്തിനു വിദ്യ പകർന്നു നൽകിയ സ്കൂളിന്റെ പാരമ്പര്യം കൊല്ലം നഗരത്തിന്റെ ചരിത്രവുമായി ഇഴചേർന്നു നിൽക്കുന്നു.നഗരഹൃദയത്തിൽനിന്നും, മുണ്ടക്കൽ,മൂദാക്കര,ഇരവിപുരം,താന്നി തുടങ്ങിയ തീരമേഖലകളിൽ നിന്നും എൽ.കെ.ജി മുതൽ നാലാം ക്ലാസുവരെയുള്ള ഇരുനൂറോളം വിദ്യാർത്ഥികൾ പഠിക്കുന്നു.നിർദ്ധനരായ ജീവിതസാഹചര്യങ്ങളിൽ നിന്നും വരുന്ന മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്കു മികച്ച നിലവാരത്തിലുള്ള പഠനം സാധ്യമാക്കുന്നുവെന്നതാണ് ഇൻഫെന്റ് ജീസസ്സ് സ്കൂളിന്റെ ആകർഷണം.കേരള സർക്കാരിന്റെ മികവിന്റെ കേന്ദ്രങ്ങളാക്കി സ്കൂളുകളെ മാറ്റുന്നതിന്റെ ഭാഗമായി കംപ്യൂട്ടർ പഠനവും,സ്മാർട്ട് ക്ലാസ് റൂമുകളും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്.കൊല്ലം എംഎൽഏ എം.മുകേഷിന്റെ പ്രത്യേക ഫണ്ടിൽ നിന്നുമാണ്. സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജമാക്കിയിട്ടുള്ളതെന്ന് ഹെഡ്മാസ്റ്റർ ബെന്നി അലക്സാണ്ടർ പറഞ്ഞു. കുട്ടികളുടെ അഭിരുചികൾ കണ്ടെത്തി വേണ്ട പരിശീലനം നൽകി മുന്നേറുന്നതിലും,ഇഗ്ലീഷ് ഭാഷാ പ്രാവിണ്യത്തിനും ഇവിടെ പ്രത്യേക പരിശ്രമങ്ങൾ നടത്തുന്നുണ്ട്.മാനേജ്മെന്റിന്റെ മികവിന്റെ പുരസ്ക്കാരം നേടുക എന്നതു തന്നെ സ്കൂളിന്റെ കിരീടത്തിലെ പൊൻതൂവലാണന്നു കൊല്ലം ബിഷപ്പ് പോൾ ആന്റെണി മുല്ലശ്ശേരി പിതാവിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങിക്കൊണ്ടു പ്രഥമ അദ്ധ്യാപകൻ ബെന്നി.ഏ പറഞ്ഞു .ഇക്കുറി നേടിയ വിജയം തന്റെ സഹപ്രവർത്തകരുടെയും,കുട്ടികളുടെയും കഠിനപരിശ്രമത്തിന്റെയും ഫലമാണന്നും,തുടർന്നും ഈ മികവ് നിലനിർത്തുവാനുള്ള പ്രവർത്തനുങ്ങൾ തുടരുമെന്നും അദ്ദേഹം പറഞ്ഞു.





ജവഹർലാൽ നെഹ്റുവിന്റെ ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി നിയമസഭാ സമുച്ചയത്തിലെ നെഹ്റു പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തുന്നു

# പുഷ്പാർച്ചന നടത്തി

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ അറുപത്തിയൊന്നാം ചരമവാർഷികദിനത്തിൽ (മെയ് 27) നിയമസഭ സമുച്ചയത്തിലെ നെഹ്റു പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തി. നിയമസഭ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ, നിയമസഭ സെക്രട്ടേറിയറ്റ് ജീവനക്കാർ എന്നിവർ പങ്കെടുത്തു.

# സീനിയർ റസിഡന്റ് നിയമനം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജിൽ ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗത്തിൽ സീനിയർ റസിഡന്റ് തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് വാക് ഇൻ ഇന്റർവ്യു നടത്തും. ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗത്തിലുള്ള പി.ജി അല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ പി.ജി. ഉള്ളവരുടെ അഭാവത്തിൽ ജനറൽ മെഡിസിൻ/ അനസ്തേഷ്യ/ പൾമണറി മെഡിസിൻ വിഭാഗത്തിൽപി.ജി., ടി.സി.എം.സി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയാണ് യോഗ്യത. പ്രതിമാസ വേതനം 73,500 രൂപ. താത്പര്യമുള്ളവർ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ബയോഡാറ്റ എന്നിവ സഹിതം ജൂൺ 10ന് രാവിലെ 11ന് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം. അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ അഭിമുഖം നടത്തും. അപേക്ഷകർ അപേക്ഷിക്കുന്ന തസ്തികയുടെ പേര്, അപേക്ഷകന്റെ/യുടെ മേൽവിലാസം, ഇ-മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തണം.

# ട്രീ ബാങ്കിങ് പദ്ധതിക്ക് അപേക്ഷിക്കാം

കേരള സർക്കാർ സ്വകാര്യ ഭൂമിയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൃക്ഷം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയായ 'ട്രീ ബാങ്കിങ് പദ്ധതി' യ്ക്കുള്ള അപേക്ഷകൾ ക്ഷണിച്ചു.

സ്വന്തമായി ഭൂമിയുള്ള വർക്കോ, കുറഞ്ഞത് 15 വർഷം ലീസിനു ഭൂമി കൈവശമുള്ളവർക്കോ ഭൂമിയുമായി ബന്ധപ്പെട്ട രേഖകളോടെ അതാത് സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ച് ഓഫീസിൽ ഈ പദ്ധതിക്കായി രജിസ്റ്റർ ചെയ്യാം. സർക്കാർ നിശ്ചയിച്ചിട്ടുള്ള വൃക്ഷത്തൈകൾ നട്ടുവളർത്തുന്ന വ്യക്തികൾക്ക് 15 വർഷം വരെ ധനസഹായം ലഭിക്കും. 15 വർഷം പൂർത്തിയായതിനും ശേഷം സ്ഥലം ഉടമയ്ക്ക് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിന്റെ അനുമതിയോടെ മരങ്ങൾ സ്വന്തം ആവശ്യത്തിന് മുറിച്ച് ഉപയോഗിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യാവുന്നതാണ്.

പദ്ധതിയിൽ അംഗങ്ങളാകുന്നവർ വനം വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിലോ (ഫോൺ നമ്പർ: 0471 2360462), ആറ്റിങ്ങൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്.

പദ്ധതിക്കായി അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ 20. പദ്ധതിയുടെ വിശദവിവരങ്ങൾ വനം വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

# അനസ്തേഷ്യ വിഭാഗത്തിൽ സീനിയർ റസിഡന്റ് നിയമനം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജിൽ അനസ്തേഷ്യ വിഭാഗത്തിൽ സീനിയർ റസിഡന്റ് തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് വാക് ഇൻ ഇന്റർവ്യു നടത്തും. അനസ്തേഷ്യ വിഭാഗത്തിലുള്ള പി.ജി, ടി.സി.എം.സി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയാണ് യോഗ്യത. പ്രതിമാസ വേതനം 73,500 രൂപ.

താത്പര്യമുള്ളവർ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ബയോഡാറ്റ എന്നിവ സഹിതം ജൂൺ 13ന് രാവിലെ 11ന് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം. അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ അഭിമുഖം നടത്തും. അപേക്ഷകർ അപേക്ഷിക്കുന്ന തസ്തികയുടെ പേര്, അപേക്ഷകരുടെ മേൽവിലാസം, ഇ-മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തണം.

# എം സി എ പ്രവേശന പരീക്ഷ

സംസ്ഥാനത്തിലെ സർക്കാർ, സ്വാശ്രയ കോളേജുകളിലേക്ക് 2025-26 അധ്യയന വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ റഗുലർ കോഴ്സിലേക്ക് എൽ.ബി.എസ് സെന്റർ നടത്തുന്ന പ്രവേശന പരീക്ഷ ജൂൺ 29 നു വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക : www.lbscentre.kerala.gov.in, ഫോൺ: 0471-2324396, 2560327, 2560361.

# അധ്യാപക നിയമനം

പേരൂർക്കട സർക്കാർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ രണ്ട് യു.പി.എസ്.ടി താത്കാലിക ഒഴിവുകളിലേക്ക് മേയ് 28ന് രാവിലെ 10 ന് അഭിമുഖം നടത്തും. ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. ഫോൺ: 0471-2438219, 0471-2438779.

# ബ്രിഡ്ജ് കോഴ്സിന് സീറ്റൊഴിവ്

എൻജിനിയറിങ്, സയൻസ് ബിരുദ പഠനത്തിന് ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കായി ഐസിഫോസ് നടത്തുന്ന ബ്രിഡ്ജ് കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പൈതൺ പ്രോഗ്രാമിംഗിലും സ്വതന്ത്ര സോഫ്റ്റ്വെയറിലും ഹാർഡ്‌വെയറിലും ആറ് ദിവസം നീണ്ടുനിൽക്കുന്ന ബ്രിഡ്ജ് കോഴ്സാണ് സംഘടിപ്പിക്കുന്നത്. കാര്യവട്ടം സ്പോർട്സ് ഹബ്ബിലെ ഐസിഫോസിൽ ജൂൺ 9 മുതൽ 14 വരെയാണ് കോഴ്സ് നടത്തുന്നത്. ഒരാൾക്ക് 4,000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. അപേക്ഷിക്കേണ്ട അവസാന തീയതി: ജൂൺ 7. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും: https://icfoss.in/event-details/210. ഫോൺ: +91 7356610110, +91 471 2413012/ 13/ 14 +91 9400225962.

# സെറ്റ് അപേക്ഷ : തീയതി നീട്ടി

ഹയർ സെക്കണ്ടറി, നോൺ വൊക്കേഷണൽ അധ്യാപക നിയമനത്തിനുള്ള സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 10 ന് 5 മണി വരെ നീട്ടി. രജിസ്ട്രേഷൻ നടത്തിയ വിവരങ്ങളിൽ മാറ്റം വരുത്താൻ ജൂൺ 11, 12, 13 തീയതികളിൽ അവസരമുണ്ട്. നോൺക്രീമിലെയർ വിഭാഗത്തിൽപ്പെടുന്നവർ നോൺക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ (2024 ഏപ്രിൽ 29 നും 2025 ജൂൺ 13 നും ഇടയിൽ ലഭിച്ചതായിരിക്കണം) പാസാകുന്ന പക്ഷം ഹാജരാക്കണം.

# മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം

മോശം കാലാവസ്ഥയ്ക്കും മണിക്കൂറിൽ 60 കിലോമീറ്റർ വരെ ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മെയ് 31 വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

# നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് ജൂൺ 19 ന് വിജ്ഞാപനം ഇറങ്ങി

നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് ജൂൺ 19ന് നടത്തുന്നതിനുള്ള ഗസറ്റ് വിജ്ഞാപനം (മെയ്: 26 ന്) ഇറങ്ങി. വോട്ടെണ്ണൽ ജൂൺ 23 ന് ആണ്. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ജൂൺ 2 നും നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന തീയതി ജൂൺ 3 നും നാമനിർദ്ദേശപത്രിക പിൻവലിക്കാനുള്ള അവസാന തീയതി ജൂൺ 5 നും തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ട അവസാന തീയതി ജൂൺ 25 നും ആയിരിക്കുമെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ ഡോ. രത്തൻ യു കേൽകർ പറഞ്ഞു.

# നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്: വോട്ടെണ്ണൽ ജൂൺ 23 രാവിലെ 8 മണി മുതൽ

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ജൂൺ 23 ന് രാവിലെ എട്ടുമണി മുതലായിരിക്കുമെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ ഡോ. രത്തൻ യു കേൽകർ അറിയിച്ചു.

# നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്: ഇവിഎം, വിവിപാറ്റ് ആദ്യ റാണ്ടമൈസേഷൻ

നിലമ്പൂർ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇവിഎം, വിവിപാറ്റ് ആദ്യ റാണ്ടമൈസേഷൻ മെയ് 31ന് നടക്കുമെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ ഡോ. രത്തൻ യു കേൽകർ അറിയിച്ചു.

# സുവിധ – തിരഞ്ഞെടുപ്പ് ഏകജാലക പോർട്ടൽ

തിരഞ്ഞെടുപ്പ് സമയത്ത് സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും വേണ്ടിയുള്ള അനുമതി അപേക്ഷകൾ (റാലികൾ, യോഗങ്ങൾ, വാഹന ഉപയോഗം തുടങ്ങിയവ) ഒരൊറ്റ പ്ലാറ്റ്ഫോമിൽ നിന്ന് എളുപ്പത്തിൽ സമർപ്പിക്കാനും ട്രാക്ക് ചെയ്യാനും ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ സുവിധ പോർട്ടൽ ആരംഭിച്ചതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽകർ അറിയിച്ചു. പോർട്ടൽ ലിങ്ക്: https://suvidha.eci.gov.in/.



# വർക്കലയിലും അഞ്ചുതെങ്ങിലും കൂടുതൽ കണ്ടെയ്നറുകൾ

അറബിക്കടലിൽ മുങ്ങിയ ലൈബീരിയൻ ചരക്കുകപ്പൽ എംഎസ്സി എൽസ 3 ലെ കൂടുതൽ കണ്ടെയ്നറുകൾ തീരത്തടിഞ്ഞു. തിരുവനന്തപുരത്ത് വർക്കല, അഞ്ചുതെങ്ങ്, മുതലപ്പൊഴി എന്നിവിടങ്ങളിലാണ് കണ്ടെയ്നറുകൾ കണ്ടെത്തിയത്.

കണ്ടെയ്നറിനൊപ്പം നിരവധി ചാക്കുകെട്ടുകളും തീരത്ത് അടിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ദിവസം കൊല്ലത്ത് 34 എണ്ണവും ആലപ്പുഴയിൽ 2 എണ്ണവുമാണ് തീരത്തടിഞ്ഞത്. ഇതിൽ ഭൂരിഭാഗവും കാലിയാണ്. കൊല്ലത്ത് അടിഞ്ഞ കണ്ടെയ്നറുകൾ കെട്ടിവലിച്ച് പോർട്ടിലെ യാർഡിലേക്ക് മാറ്റുന്നതിനിടെ വീണ്ടും കണ്ടെയ്നറുകൾ തീരത്തെത്തി.

യാഡിൽ എത്തിക്കുന്ന കണ്ടെയ്നറുകൾ കസ്റ്റംസ് കസ്റ്റഡിയിലെടുക്കും. കണ്ടെയ്നറുകളുടെ ഉടമസ്ഥർ ക്ലെയിം ഉന്നയിക്കുന്നതിനനുസരിച്ച് വിട്ടുനൽകും. തീരത്തടിഞ്ഞ കണ്ടെയ്നറുകൾ നീക്കം ചെയ്യാൻ കപ്പൽ കമ്പനി സന്നദ്ധത അറിയിച്ചിട്ടുണ്ട്. എംഎസ്സി ഷിപ്പിങ് കമ്പനിയുടെ 7 സംഘങ്ങൾ ഇന്ന് എത്തും.

ഇതിനിടെ കപ്പൽ കമ്പനിക്ക് മലിനീകരണ ബാധ്യത മുന്നറിയിപ്പുമായി കൊച്ചി MMD യുടെ നോട്ടീസ് എത്തി. കപ്പൽ വീണ്ടെടുക്കാൻ MSC കമ്പനി T&T സൽവേജിന് ചുമതല നൽകി. എന്നാൽ കപ്പലിൽ നിന്നുള്ള എണ്ണചോർച്ച നിയന്ത്രിക്കാനുള്ള ശ്രമങ്ങൾക്ക് കാലാവസ്ഥ വലിയ തിരിച്ചടിയായിരിക്കുകയാണ്. എണ്ണപ്പാട പലതായി പിളർന്ന് ആറ് കിലോമീറ്ററോളം വ്യാപിച്ചിട്ടുണ്ട്.

ഇത് കേരളാ തീരത്ത് അടുത്തിട്ടില്ല എന്നാണ് നാവികസേന പറയുന്നത്. കപ്പലിലെ 643 കണ്ടെയ്നറുകളിൽ 12 എണ്ണം അപകടകാരിയായ കാൽസ്യം കാർബൈഡ് ആണ്. ഇവയിൽ നിന്ന് ഇതുവരെ ഭീഷണി ഉണ്ടായിട്ടില്ലെങ്കിലും തീരദേശവാസികളും മത്സ്യത്തൊഴിലാളികളും ജാഗ്രത തുടരാനാണ് നിർദേശം. കോസ്റ്റ ഗാർഡിന്റെ വിക്രം, സമർത്ത് സക്ഷം, കപ്പലുകൾ മേഖലയിൽ ഇപ്പോയും തുടരുന്നുണ്ട്.

# തിരുവനന്തപുരത്ത് ഒരു കുടുംബത്തിലെ നാല് പേർ ജീവനൊടുക്കിയ നിലയിൽ

തിരുവനന്തപുരം: വക്കത്ത് ഒരു കുടുംബത്തിലെ നാല് പേരെ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തി. ഫാർമേഴ്സ് സഹകരണ ബാങ്ക് ജീവനക്കാരൻ അനിൽകുമാർ, ഭാര്യ ഷീജ, മക്കളായ ആകാശ്(20), അശ്വിൻ (25) എന്നിവരാണ് മരിച്ചത്. വക്കം വെളിവിളാകം ക്ഷേത്രത്തിന് സമീപമുള്ള വീട്ടിൽ രാവിലെ ഒന്പതോടെയാണ് അയൽക്കാർ ഇവരെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. പോലീസ് സംഭവസ്ഥലത്തെത്തി തുടർനടപടികൾ സ്വീകരിച്ചു. കടബാധ്യതയാണ് ഇവർ ജീവനൊടുക്കാനുള്ള കാരണമെന്നാണ് പ്രാഥമിക നിഗമനം.

# പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിൽ സീറ്റൊഴിവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പിന്റിംഗ് ആൻഡ് ട്രെയിനിങ്ങും സംയുക്തമായി തിരുവനന്തപുരം (0471 2474720, 2467728), എറണാകുളം (04842605322). കോഴിക്കോട് (04952356591, 2723666) ക്രേന്ദങ്ങളിൽ ആരംഭിക്കുന്ന കേരള ഗവണ്മെന്റ് അംഗികാരമുള്ള ഒരു വർഷ കെ.ജി.ടി.ഇ പ്രീ-പ്രസ് ഓപ്പറേഷൻ. കെ.ജി.ടി.ഇ പ്രസ് വർക്ക്, കെ.ജി.ടി.ഇ പോസ്റ്റ് - പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിംഗ് 2025-26 കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി / പട്ടികവർഗ/ മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകുല്യം ലഭിക്കും. ഒ.ബി.സി/ എസ്.ഇ.ബി.സി/ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് ആനുകുല്യം ലഭിക്കും.

അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം അതാത് ക്രേന്ദങ്ങളിൽ റിപ്പോർട്ട് ചെയ്യണം. വിശദ വിവരങ്ങൾക്ക്: കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ. പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം- 695024. ഫോൺ: 0471-2474720, 0471-2467728. വെബ്സൈറ്റ്: www.captkerala.com.

# യുഡിഎഫിൽ എടുത്തില്ലെങ്കിൽ അൻവർ മത്സരരംഗത്തുണ്ടാകുമെന്ന് തൃണമൂൽ

തിരുവനന്തപുരം: നിലമ്പൂരിൽ യുഡിഎഫിനോട് വിലപേശലുമായി പി.വി.അൻവറും തൃണമൂൽ കോൺഗ്രസും. പാർട്ടിയെ യുഡിഎഫ് ഘടകകക്ഷി ആക്കിയില്ലെങ്കിൽ അൻവർ നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് തൃണമൂൽ നേതൃത്വം അറിയിച്ചു.ഇക്കാര്യത്തിൽ രണ്ട് ദിവസത്തിനുള്ളിൽ യുഡിഎഫ് തീരുമാനം അറിയിക്കണമെന്നും തൃണമൂലിന്റെ നിലമ്പൂർ മണ്ഡലം പ്രസിഡൻറ് ഇ.എ.സുകു അറിയിച്ചു. അൻവറുമായുള്ള ചർച്ചയ്ക്ക് ശേഷമാണ് പാർട്ടി നേതൃത്വം മാധ്യമങ്ങളെ കണ്ടത്.

അൻവറിന്റെ എതിർപ്പ് തള്ളിയാണ് ആര്യാടൻ ഷൗക്കത്തിനെ നിലമ്പൂരിൽ മത്സരിപ്പിക്കാൻ യുഡിഎഫ് തീരുമാനിച്ചത്. ഷൗക്കത്തിനെ സ്ഥാനാർഥിയാക്കുന്നതിനെതിരേ അൻവർ പരസ്യമായി രംഗത്തെത്തിയിരുന്നു.തൃണമൂൽ കോൺഗ്രസിനെ മുന്നണിയിലെടുക്കണം എന്ന ആവശ്യമാണ് അൻവർ പ്രധാനമായും യുഡിഎഫ് നേതൃത്വത്തിന് മുന്നിൽവച്ചത്. ഇത് അംഗീകരിക്കാൻ തയാറാവാത്തതിനെ തുടർന്നാണ് അൻവർ പരസ്യപ്രതികരണം നടത്തിയത്.

താൻ രാജിവച്ച് ഉപതെരഞ്ഞെടുപ്പിന് അവസരമൊരുക്കി. കോൺഗ്രസ് ആരെ സ്ഥാനാർഥിയാക്കിയാലും അവരെ പിന്തുണക്കുമെന്ന് പ്രഖ്യാപിച്ചു. എന്നിട്ടും തന്റെ ഒരു ആവശ്യം പോലും കോൺഗ്രസ് അംഗീകരിച്ചില്ല എന്നാണ് അൻവറിന്റെ പരാതി.

# അമൃത്സറിൽ സ്ഫോടനം; ഒരാൾ കൊല്ലപ്പെട്ടു; അഞ്ച് പേർക്ക് പരിക്ക്

അമൃതസർ: പഞ്ചാബിലെ അമൃത്സറിൽ ബോംബ് പൊട്ടിത്തെറിച്ച് ഒരാൾ കൊല്ലപ്പെട്ടു. ഖലിസ്ഥാൻ ഭീകരവാദിയെന്ന് പോലീസ് സംശയിക്കുന്ന ആളാണ് മരിച്ചത്.

സ്ഫോടനത്തിൽ പ്രദേശവാസികൾ ഉൾപ്പെടെ മറ്റ് അഞ്ച് പേർക്ക് പരിക്കുണ്ട്. ഇവർ ആശുപത്രിയിൽ ചികിത്സയിലാണ്. നൗഷേര ഗ്രാമത്തിന് സമീപം രാവിലെ ഒന്പതരയോടെയാണ് സംഭവം. നേരത്തേ കുഴിച്ചിട്ട് സൂക്ഷിച്ചിരുന്ന സ്ഫോടകവസ്തു തിരിച്ചെടുക്കാൻ വന്നപ്പോൾ അബദ്ധത്തിൽ പൊട്ടിത്തെറിക്കുകയായിരുന്നെന്നാണ് നിഗമനം. സംഭവമറിഞ്ഞെത്തിയ പോലീസ് ഗുരുതരമായി പരിക്കേറ്റ ആളെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

### പത്തുവയസുകാരൻ മരിച്ചു; സഹോദരനെ രക്ഷപ്പെടുത്തി

തൃശൂർ:ചേരുംകുഴിയിൽ കുളത്തിൽ വീണ് പത്തുവയസുകാരൻ മരിച്ചു. ചേരുംകുഴി നീർച്ചാലിൽ വീട്ടിൽ സുരേഷിന്റെ മകൻ സരുൺ ആണ് മരിച്ചത്.

സരുണിന് ഒപ്പം കുളത്തിൽ വീണ സഹോദരൻ വരുണിനെ (എട്ട്) നാട്ടുകാർ രക്ഷപ്പെടുത്തി. കുട്ടിയെ ജൂബിലി മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# പടിഞ്ഞാറൻ കാറ്റും ന്യൂനമർദവും; മൂന്നുദിവസം അതിതീവ്ര മഴയ്ക്ക് സാധ്യത, റെഡ് അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം വ്യാപകമായ മഴയ്ക്ക് സാധ്യത. വെള്ളിയാഴ്ച വരെ ഒറ്റപ്പെട്ട അതിതീവ്ര മഴയ്ക്കും ശനിയാഴ്ച വരെ അതിശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.കനത്ത മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് ശനിയാഴ്ച വരെ വിവിധ ജില്ലകളിൽ റെഡ്, ഓറഞ്ച്, യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലാണ് റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. ബുധനാഴ്ച കോഴിക്കോട്, വയനാട് ജില്ലകളിലും വ്യാഴാഴ്ച പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും വെള്ളിയാഴ്ച പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും റെഡ് അലർട്ടാണ്. അതിതീവ്രമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്. 24 മണിക്കൂറിൽ 204.4 ാാ യിൽ കൂടുതൽ മഴ ലഭിക്കുമെന്നാണ് അതിതീവ്രമായ മഴ എന്നത് കൊണ്ട് കാലാവസ്ഥ വകുപ്പ് അർഥമാക്കുന്നത്.

അതേസമയം, ഇന്ന് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് അലർട്ടാണ്. ബുധനാഴ്ച പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും വ്യാഴാഴ്ച തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും വെള്ളിയാഴ്ച തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പാലക്കാട്, മലപ്പുറം കോഴിക്കോട്, വയനാട് ജില്ലകളിലും ശനിയാഴ്ച കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ഓറഞ്ച് അലർട്ടാണ്.ഇന്നും ബുധനാഴ്ചയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. ശനിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിലും യെല്ലോ അലർട്ടാണ്.അതേസമയം, അടുത്ത മണിക്കൂറിൽ എല്ലാ ജില്ലകളിലും ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

അടുത്ത അഞ്ചുദിവസം പടിഞ്ഞാറൻ കാറ്റ് കേരളത്തിന് മുകളിൽ ശക്തമായി തുടരാനാണ് സാധ്യത. ഒഡീഷ തീരത്തിന് സമീപം വടക്ക് പടിഞ്ഞാറൻ – ബംഗാൾ ഉൾക്കടലിനു മുകളിലായി ന്യുനമർദം കൂടി രൂപപ്പെട്ടിട്ടുണ്ട്. ഇതിന്റെയും സ്വാധീനഫലമായാണ് മഴ കനക്കുന്നത്.അതേസമയം, കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നു മുതൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശനിയാഴ്ച വരെ കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 60 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.ഇന്നും ബുധനാഴ്ചയും കൊങ്കൺ തീരം, തെക്കൻ ബംഗാൾ ഉൾക്കടൽ അതിനോട് ചേർന്ന മധ്യ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ട്.

ഇന്ന് തെക്കുപടിഞ്ഞാറൻ അറബിക്കടൽ, മധ്യപടിഞ്ഞാറൻ അറബിക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ട്.തെക്കൻ അറബിക്കടൽ, മധ്യ കിഴക്കൻ അറബിക്കടലിന്റെ ഭാഗങ്ങൾ, മധ്യ പടിഞ്ഞാറൻ അറബിക്കടലിന്റെ തെക്കൻ ഭാഗങ്ങൾ, കൊങ്കൺ തീരം, ഗോവ തീരം, തമിഴ്നാട് തീരം, ഗൾഫ് ഓഫ് മന്നാർ, കന്യാകുമാരി പ്രദേശം, മാലിദ്വീപ് പ്രദേശം, ആന്ധ്രാപ്രദേശ് തീരം, ഒഡീഷ തീരം, പശ്ചിമ ബംഗാൾ തീരം, തെക്കൻ ബംഗാൾ ഉൾക്കടലിന്റെ ഭാഗങ്ങൾ, മധ്യ ബംഗാൾ ഉൾക്കടൽ, വടക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 60 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

## വെടിക്കെട്ട് ബാറ്റിംഗുമായി ഇംഗ്ലിസും പ്രിയാൻഷും; പഞ്ചാബ് ക്വാളിഫയറിൽ

ജയ്പുർ: ഐപിഎൽ 18ാം സീസണിന്റെ ഒന്നാം ക്വാളിഫയറിൽ എത്തി പഞ്ചാബ് കിംഗ്സ്. ജയ്പുരിൽ നടന്ന മത്സരത്തിൽ മുംബൈയെ ഏഴ് വിക്കറ്റിന് തകർത്തതോടെയാണ് പഞ്ചാബ് ഒന്നാം ക്വാളിഫയറയിൽ എത്തിയത്. ജയത്തോടെ പോയിൻറ് പട്ടികയിൽ 19 പോയൻറുമായി ഒന്നാം സ്ഥാനത്തേക്ക് ഉയർന്ന പഞ്ചാബ് പോയിൻറ് പട്ടികയിലെ ആദ്യ രണ്ട് സ്ഥാനങ്ങളിലൊന്നും ക്വാളിഫയറും ഉറപ്പാക്കിയപ്പോൾ അവസാന ലീഗ് മത്സരത്തിൽ തോറ്റ മുംബൈ 16 പോയൻറിലൊതുങ്ങി നാലാം സ്ഥാനക്കാരായി. ഇതോടെ മുംബൈക്ക് എലിമിനേറ്റർ കടമ്പ കടന്നാലെ രണ്ടാം ക്വാളിഫയറിന് യോഗ്യത നേടാനാവു. ആദ്യം ബാറ്റ് ചെയ്ത മുംബൈ ഇന്ത്യൻസ് 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 184 റൺസെടുത്തപ്പോൾ പ്രിയാൻഷ് ആര്യയുടെയും ജോഷ് ഇംഗ്ലിസിന്റെയും വെടിക്കെട്ട് അർധസെഞ്ചുറികളുടെ കരുത്തിൽ പഞ്ചാബ് അനായാസം ലക്ഷ്യത്തിലെത്തി. പ്രിയാൻഷ് ആര്യ 35 പന്തിൽ 62 റൺസെടുത്തപ്പോൾ ജോഷ് ഇംഗ്ലിസ് 42 പന്തിൽ 73 റൺസെടുത്തു. പ്രഭ്സിമ്രാൻ സിംഗ് 13 റൺസുമായി പവർ പ്ലേയിൽ മടങ്ങിയപ്പോൾ ക്യാപ്റ്റൻ ശ്രേയസ് അയ്യർ 16 പന്തിൽ 26 റൺസുമായും നെഹാൽ വധേര രണ്ട് റൺസുമായും പുറത്താകാതെ നിന്നു.മുംബൈക്കായി മിച്ചൽ സാൻറ്നർ രണ്ടും ജസ്പ്രീത് ബുമ്ര ഒരു വിക്കറ്റും വീഴ്ത്തി. സ്കോർ മുംബൈ ഇന്ത്യൻസ് 20 ഓവറിൽ 184–7,പഞ്ചാബ് കിംഗ്സ് 18.3 ഓവറിൽ 187–3.

### കമ്യൂണിറ്റി ഹാളിന്റെ സീലിംഗ് തകർന്നുവീണു; നാലു കുട്ടികൾക്ക് പരിക്ക്

കൊച്ചി: ഗിരിനഗറിൽ കമ്യൂണിറ്റി ഹാളിന്റെ സീലിംഗ് തകർന്നുവീണ് നാലു കുട്ടികൾക്ക് പരിക്ക്. കുട്ടികളുടെ നൃത്തമത്സരം നടക്കുന്നതിനിടെയാണ് അപകടമുണ്ടായത്.

പരിക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെന്നും ആരുടെയും പരിക്ക് ഗുരുതരമല്ലെന്ന് അധികൃതർ പറഞ്ഞു. രാത്രി ഒമ്പതിനായിരുന്നു സംഭവം. മൂന്ന് വയസ് മുതൽ 18 വയസ് വരെയുള്ള കുട്ടികളാണ് സ്ഥലത്ത് ഉണ്ടായിരുന്നത്.

അപകടത്തിന്റെ കാരണം വ്യക്തമല്ല. ഒരു ഭാഗത്തെ സീലിംഗ് അടർന്ന് കുട്ടികളുടെ തലയിലേക്ക് വീഴുകയായിരുന്നു.

### അവശനിലയിൽ കണ്ടെത്തിയ പുലി ചത്തു

പാലക്കാട്: നെല്ലിയാമ്പതിയിൽ പരിക്കേറ്റ നിലയിൽ കണ്ടെത്തിയ പുലി ചത്തു. തിങ്കളാഴ്ച ഉച്ചയോടെയാണ് സീതാർകുണ്ടിലേക്കുള്ള റോഡരികിൽ നെല്ലിയാമ്പതി പോബ്സ് എസ്റ്റേറ്റിന് സമീപം തലയ്ക്ക് പരിക്കേറ്റ നിലയിൽ പുലിയെ കണ്ടെത്തിയത്.

## ദമ്പതികൾ മരിച്ച നിലയിൽ; പോലീസ് അന്വേഷണം ആരംഭിച്ചു

കൊച്ചി: ദമ്പതികളെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു. കോതമംഗലം ഊന്നുകല്ലിൽ ബേബി ദേവസ്യ, ഭാര്യ മോളി ബേബി എന്നിവരാണ് മരിച്ചത്.

ബേബിയെ തൂങ്ങിമരിച്ച നിലയിലും മോളിയെ കട്ടിലിൽ മരിച്ചുകിടക്കുന്ന നിലയിലുമാണ് കണ്ടെത്തിയത്. ദമ്പതികളെ പുറത്തു കാണാത്തതിനാൽ സമീപവാസികൾ നടത്തിയ പരിശോധനയിലാണ് മൃതദേഹം കണ്ടെത്തിയത്.

ഊന്നുകൽ പോലീസ് സ്ഥലത്തെത്തി തുടർനടപടികൾ സ്വീകരിച്ചു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടു നൽകും.

## വയനാട്ടിൽ കനത്ത മഴ: പനമരം ചെറിയ പാലത്തിന് സമീപം മണ്ണിടിച്ചിൽ

കൽപ്പറ്റ: കനത്ത മഴയിൽ വയനാട്ടിലെ പനമരം ചെറിയ പാലത്തിന് സമീപം മണ്ണിടിച്ചിൽ. ഇതേത്തുടർന്ന് പനമരം – നടവയൽ റൂട്ടിൽ താൽക്കാലികമായി ഗതാഗതം നിരോധിച്ചു.

യാത്രക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി പനമരം പോലീസിന്റെ നേതൃത്വത്തിൽ റോഡ് താൽക്കാലികമായി അടച്ചിരിക്കുകയാണ്. ചെറിയ പാലം അപകടാവസ്ഥയിൽ ആയതിനാലാണ് നിയന്ത്രണം. തുടർച്ചയായുള്ള മഴ നിലയ്ക്കുന്നത് വരെയാണ് ഗതാഗതം തടഞ്ഞിരിക്കുന്നത്.

സുൽത്താൻബത്തേരി, പുൽപ്പള്ളി, കേണിച്ചിറ, നടവയൽ, നെല്ലിയമ്പം, നീർവാരം, ദാസനക്കര ഭാഗങ്ങളിലേക്കുള്ള യാത്രക്കാർ മറ്റ് റോഡുകളെ ആശ്രയിക്കണമെന്ന് പോലീസ് അറിയിച്ചു.

### കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗ്

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മേയ് 28, 29 തീയതികളിൽ രാവിലെ 9 മുതൽ പൈനാവ് സർക്കാർ അതിഥി മന്ദിരത്തിൽ ഇടുക്കി ജില്ലയിലെ കർഷകരുടെ അപേക്ഷകളുടെ സിറ്റിംഗ് നടത്തും. വിശദവിവരങ്ങൾക്ക്: 0471–2743782, 0471–2743783. ഇമെയിൽ: keralasfdrc@gmail.com

### പെൻഷൻ മസ്റ്ററിങ്

കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽനിന്നും 2024 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾ സർക്കാർ അംഗീകൃത പെൻഷൻ സൈറ്റ് വഴി ജൂൺ 25 മുതൽ ആഗസ്റ്റ് 24 വരെയുള്ള കാലയളവിനുള്ളിൽ മസ്റ്ററിങ് പൂർത്തിയാക്കേണ്ടതാണെന്ന് സെക്രട്ടറി ആൻഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചു.



കോഴിക്കോട്ട് ബേപ്പൂർ മാത്തോട്ടത്തിൽ റെയിൽവേ പാളത്തിലേക്ക് വീണ മരം

## ട്രാക്കിൽ മരംവീണു; ട്രെയിൻ ഗതാഗതം താറുമാറായി

കോഴിക്കോട്: കനത്ത കാറ്റിലും മഴയിലും റെയിൽവേ ട്രാക്കിലേക്ക് മരങ്ങൾ കടപുഴകി വീണ് ട്രെയിൻ ഗതാഗതം താറുമാറായി. കോഴിക്കോടും ആലുവയിലുമാണ് ട്രാക്കിലേക്ക് മരം വീണത്. കോഴിക്കോട് ഫറോക്കിനു സമീപം അരീക്കോടാണ് ട്രാക്കിലേക്ക് മരങ്ങൾ വീണത്. സമീപത്തെ വീടിന്റെ മേൽക്കൂരയും പറന്ന് ട്രാക്കിലേക്ക് വീണു. റെയിൽവേ വൈദ്യുതി ലൈനും പൊട്ടിവീണിട്ടുണ്ട്. തിരുനെൽവേലി – ജാംനഗർ എക്സ്പ്രസ് എത്തുന്നതിനു തൊട്ടുമുമ്പാണ് മരങ്ങൾ വീണത്. നാട്ടുകാർ അപായ മുന്നറിയിപ്പ് നൽകിയതോടെ ട്രെയിൻ നിർത്തുകയായിരുന്നു. തിരുനെൽവേലി – ജാംനഗർ എക്സ്പ്രസ് ഒന്നര മണിക്കൂറോളമായി കല്ലായി സ്റ്റേഷനു സമീപത്തായി നിർത്തിയിട്ടിരിക്കുകയാണ്. മംഗളൂരു – തിരുവനന്തപുരം എക്സ്പ്രസ് കല്ലായിയിലും കണ്ണൂർ – ഷൊർണൂർ മെമു കോഴിക്കോട്ടും പിടിച്ചിട്ടിരിക്കുകയാണ്. ആലുവയിലും ഇരുഭാഗത്തേക്കുമുള്ള റെയിൽവേ ട്രാക്കിൽ മരംവീണു. അങ്കമാലി ഉൾപ്പെടെയുള്ള സമീപ സ്റ്റേഷനുകളിൽ എറണാകുളത്തേക്കുള്ള ട്രെയിൻ പിടിച്ചിട്ടിരിക്കുകയാണ്. നേരത്തെ തിരുവല്ല – ചങ്ങനാശേരി പാതയിലും തൃശൂർ – ഗുരുവായൂർ പാതയിലും തിരുവനന്തപുരം – ഇടവ പാതയിലും മരം വീണ് ട്രെയിൻ ഗതാഗതം തടസപ്പെട്ടിരുന്നു.

### ബാച്ചിലർ ഓഫ് ഡിസൈൻ പ്രവേശന പരീക്ഷ

സംസ്ഥാനത്തിലെ 2025–26 അധ്യയന വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ (B.Des) കോഴ്സിലേക്ക് എൽ.ബി.എസ് സെന്റർ നടത്തുന്ന പ്രവേശന പരീക്ഷ കേരള സ്റ്റേറ്റ് ഡിസൈൻ ആൻഡ് ആപ്റ്റിറ്റ്യൂട് ടെസ്റ്റ് (KSDAT) ജൂൺ 29 നു വിവിധ പരീക്ഷ കേന്ദ്രങ്ങളിൽ നടക്കും. വിശദ വിവരങ്ങൾക്ക്: www.lbscentre.kerala.gov.in, ഫോൺ: 0471–2324396, 2560327, 2560361.

## അൻവർ വിഷയത്തിൽ ലീഗ് മധ്യസ്ഥതയ്ക്കില്ല: കുഞ്ഞാലിക്കുട്ടി

മലപ്പുറം: പി.വി.അൻവറുമായി ബന്ധപ്പെട്ട വിഷയത്തിൽ മുസ്ലീം ലീഗ് മധ്യസ്ഥത വഹിക്കാനില്ലെന്ന് പാർട്ടി ദേശീയ ജനറൽ സെക്രട്ടറി പി.കെ.കുഞ്ഞാലിക്കുട്ടി. അൻവർ തങ്ങളെ വന്ന് കണ്ട് നിലവിലെ സാഹചര്യം വിശദീകരിച്ചു. വിഷയം കോൺഗ്രസ് നേതാക്കളുമായി ചർച്ച ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു.

മുന്നണിയിലെ എല്ലാ ഘടകകക്ഷികളോടും സംസാരിക്കുന്നതുപോലെയാണ് ലീഗുമായും അൻവർ സംസാരിച്ചത്. വിഷയത്തിൽ ലീഗ് മധ്യസ്ഥതയ്ക്ക് ശ്രമിക്കുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം തൃണമൂലിന്റെ മുന്നണി പ്രവേശനത്തിൽ കോൺഗ്രസ് തീരുമാനം പറയട്ടെയെന്നായിരുന്നു കുഞ്ഞാലിക്കുട്ടിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം അൻവറിന്റെ പ്രതികരണം. നിലമ്പൂരിൽ താൻ മത്സരിക്കുമോ എന്നതിൽ ഇപ്പോൾ തീരുമാനം പറയുന്നില്ല.

ലീഗിനെ നിലവിലെ സാഹചര്യം ബോധ്യപ്പെടുത്തി. പോസിറ്റീവായ പ്രതികരണമാണ് ലഭിച്ചത്. ഇക്കാര്യത്തിൽ ഇനി തീരുമാനം പറയേണ്ടത് കോൺഗ്രസാണ്. കോൺഗ്രസിൽ നിന്ന് ഉത്തരവാദിത്വപ്പെട്ട ആരും തന്നെ ഇതുവരെ വിളിച്ചില്ലെന്നും അൻവർ പറഞ്ഞിരുന്നു.

## സ്കൈ'തകർത്തു; പഞ്ചാബിന് 185 റൺസ് വിജയലക്ഷ്യം

ജയ്പൂർ: ഇന്ത്യൻ പ്രീമിയർ ലീഗിൽ മുംബൈ ഇന്ത്യൻസിനെതിരായ മത്സരത്തിൽ പഞ്ചാബ് കിംഗ്സിന് 185 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടമായി ആദ്യം ബാറ്റ് ചെയ്ത മുംബൈ നിശ്ചിത 20 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിലാണ് 184 റൺസെടുത്തത്.

അർധസെഞ്ചറി നേടിയ സൂര്യകുമാർ യാദവാണ് മുംബൈയുടെ ടോപ് സ്കോറർ. 39 പന്തിൽ രണ്ടു സിക്സും ആറു ഫോറുകളുമുൾപ്പടെ 57 റൺസെടുത്ത് സൂര്യ പുറത്താകാതെ നിന്നു. രോഹിത് (24), റിയാൻ റിക്കിൾടൺ (27), ക്യാപ്റ്റൻ ഹാർദ്ദിക് പാണ്ഡ്യ (26) എന്നിവർ മികച്ച പ്രകടനം പുറത്തെടുത്തു.

പഞ്ചാബിനായി മാർക്കോ യാൻസൻ, വൈശാഖ് വിജയ് കുമാർ, അർഷ്ദീപ് സിംഗ്എ ന്നിവർ രണ്ട് വിക്കറ്റ് വീതം നേടി. പ്ലേഓഫിൽ സ്ഥാനമുറപ്പിച്ച ഇരു ടീമുകളുടെയും അവസാന ലീഗ് മത്സരമാണിത്. ഇന്നു ജയിക്കുന്ന ടീം ആദ്യ രണ്ട് സ്ഥാനങ്ങളിലൊന്ന് ഉറപ്പിച്ച് ഒന്നാം ക്വാളിഫയറിന് യോഗ്യത നേടും.

തോൽക്കുന്ന ടീം എലിമിനേറ്റർ റൗണ്ടിലെ ജീവൻമരണ പോരാട്ടത്തിനൊരുങ്ങണം. 13 മത്സരങ്ങളിൽനിന്ന് 17 പോയിൻറുള്ള പഞ്ചാബ് നിലവിൽ രണ്ടാമതും 16 പോയിൻറുള്ള മുംബൈ നാലാം സ്ഥാനത്തുമാണ്.

## അനുനയശ്രമവുമായി കോൺഗ്രസ്; അൻവറിനെ വീട്ടിലെത്തി കണ്ട് നേതാക്കൾ

മലപ്പുറം: പി.വി.അൻവറിനെ വീട്ടിലെത്തിക്കണ്ട് കോൺഗ്രസ് നേതാക്കൾ. കെപിസിസി ജനറൽ സെക്രട്ടറി കെ.ജയന്ത്, കോഴിക്കോട് ഡിസിസി പ്രസിഡൻറ് പ്രവീൺ കുമാർ എന്നിവരാണ് നിലമ്പൂരിലെ വീട്ടിലെത്തിയത്.സിഎംപി നേതാവ് ജയകൃഷ്ണനും ഇവർക്കൊപ്പം ഉണ്ടായിരുന്നു. പാർട്ടിയുടെ നിർദേശത്തോടെയല്ല തങ്ങൾ എത്തിയതെന്നും സൗഹൃദസന്ദർശനം മാത്രമാണെന്നായിരുന്നു പ്രവീൺ കുമാർ മാധ്യമങ്ങളോട് പ്രതികരിച്ചത്.

നിലമ്പൂർ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് യുഡിഎഫിന് മേൽ അൻവർ സമ്മർദം തുടരുന്ന പശ്ചാത്തലത്തിലാണ് നേതാക്കളുടെ സന്ദർശനം. പാർട്ടിയെ യുഡിഎഫ് ഘടകകക്ഷി ആക്കിയില്ലെങ്കിൽ അൻവർ നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് തൃണമൂൽ നേതൃത്വം നേരത്തേ വ്യക്തമാക്കിയിരുന്നു. ഇക്കാര്യത്തിൽ രണ്ട് ദിവസത്തിനുള്ളിൽ യുഡിഎഫ് തീരുമാനം അറിയിക്കണമെന്നാണ് അൻവറിന്റെയും തൃണമൂലിന്റെയും നിലപാട്.

## അൻവറിന് നീരസമുണ്ടായത് സ്വഭാവികം: അദ്ദേഹവുമായുള്ള ബന്ധത്തെ ബാധിക്കില്ലെന്ന് കെ. സുധാകരൻ

കണ്ണൂർ: നിലമ്പുർ ഉപതെരഞ്ഞെടുപ്പിൽ ആര്യാടൻ ഷൗക്കത്തിനെ സ്ഥാനാർഥിയായി പ്രഖ്യാപിച്ചതിൽ പി.വി. അൻവറിന് നീരസമുണ്ടായത് സ്വാഭാവികമെന്ന് കെപിസിസി മുൻ അധ്യക്ഷൻ കെ.സുധാകരൻ എംപി.

കോൺഗ്രസ് നേതാക്കൻമാർ ഐകകണ്ഠേനയാണ് ആര്യാടൻ ഷൗക്കത്തിനെ സ്ഥാനാർഥിയായി പ്രഖ്യാപിച്ചത്. അതിൽ ആർക്കും തെറ്റ് പറയാൻ സാധിക്കില്ല. ഇക്കാര്യത്തിൽ അൻവറിന് നീരസം ഉണ്ടായത് സ്വാഭാവികമാണ്. അതൊന്നും കോൺഗ്രസും അൻവറും തമ്മിലുള്ള ബന്ധത്തിൽ പോറൽ ഏൽപ്പിക്കില്ലെന്നും സുധാകരൻ മാധ്യമങ്ങളോടു പറഞ്ഞു.

സ്വന്തം പാർട്ടിക്കകത്തു തന്നെ അഭിപ്രായ വ്യത്യാസമുണ്ടാകുന്നത് സ്വഭാവികമാണ്. അൻവറിനെ നേരിട്ട് കണ്ട് വിശദമായി സംസാരിച്ചു. അൻവർ തങ്ങളോടൊപ്പമുണ്ടാകുമെന്നും യുഡിഎഫിന്റെ ഭാഗമാകുമെന്നും സുധാകരൻ കൂട്ടിച്ചേർത്തു.

## ട്രാക്കിൽ വെള്ളക്കെട്ട്, മരം; മഴക്കെടുതി രൂക്ഷം, നിരവധി ട്രെയിനുകൾ വൈകിയോടുന്നു

കൊല്ലം: മഴയിലും കാറ്റത്തും ട്രാക്കിൽ മരം വീണും വെള്ളം കയറിയതും കാരണം നിരവധി ട്രെയിനുകൾ വൈകി ഓടുന്നു. മംഗലാപുരം–തിരുവനന്തപുരം മലബാർ എക്സ്പ്രസ് നാല് മണിക്കൂറാണ് വൈകിയത്. തിരുവനന്തപുരം–മധുര അമൃത എക്സ്പ്രസ് മൂന്ന് മണിക്കൂർ ലേറ്റായാണ് ഓടുന്നത്.ആലപ്പുഴ വഴിയുള്ള ഗുരുവായൂർ–തിരുവനന്തപുരം ഇൻറർസിറ്റി എക്സ്പ്രസ് ഒരു മണിക്കൂർ 20 മിനിറ്റ് വൈകിയോടുന്നു.തിരുവനന്തപുരം–നിലമ്പൂർ എക്സ്പ്രസും തിരുവനന്തപുരം–മംഗലാപുരം എക്സ്പ്രസും മൂന്ന് മണിക്കൂർ വീതം വൈകിയോടുന്നു. തിരുവനന്തപുരം–മംഗലാപുരം മാവേലി എക്സ്പ്രസ് നാലു മണിക്കൂർ വൈകിയാണ് ഓടുന്നത്.

ചെന്നൈ–ആലപ്പുഴ എക്സ്പ്രസ് ഒന്നര മണിക്കൂർ ലേറ്റായാണ് സഞ്ചരിക്കുന്നത്. മംഗലാപുരം തിരുവനന്തപുരം വന്ദേ ഭാരത് എകസ് പ്രസ് രണ്ട് മണിക്കൂർ വൈകി ഓടുന്നു.ലോകമാന്യ തിലക് തിരുവനന്തപുരം–നേത്രാവതി എക്സ്പ്രസ് നിലവിൽ രണ്ട് മണിക്കൂർ വൈകിയാണ് ഓടുന്നത്. മംഗളുരു സെൻട്രൽ–കന്യാകുമാരി പരശുറാം എക്സ്പ്രസ് ഒരു മണിക്കൂർ അഞ്ച് മിനിറ്റ് വൈകിയാണ് മംഗളുരൂവിൽനിന്നു പുറപ്പെട്ടിട്ടുള്ളത്.

## മാസപ്പടി കേസിൽ എതിർകക്ഷികളെയും കേൾക്കണമെന്ന് ഹൈക്കോടതി; എതിർസത്യവാംഗ്മൂലം സമർപ്പിക്കണം

കൊച്ചി: മാസപ്പടി കേസ് സിബിഐ അന്വേഷിക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജിയിൽ എല്ലാ എതിർകക്ഷികളെയും കേൾക്കണമെന്ന് ഹൈക്കോടതി. സിഎംആർഎൽ, എക്സാലോജിക് കമ്പനി, മുഖ്യമന്ത്രി പിണറായി വിജയൻ, മകൾ വീണ വിജയൻ തുടങ്ങി പതിനഞ്ചോളം എതിർകക്ഷികളോടും എതിർസത്യവാംഗ്മൂലം സമർപ്പിക്കാനും കോടതി നിർദേശിച്ചു.

ആദായനികുതി സെറ്റിൽമെൻറ് ബോർഡിന്റെ ഉത്തരവ് മുദ്രവച്ച കവറിൽ ഹാജരാക്കാനും ചീഫ് ജസ്റ്റീസ് നിതിൻ ജാംദാർ, ജസ്റ്റീസ് ബസന്ത് ബാലാജി എന്നിവരുടെ ബെഞ്ച് ഉത്തരവിട്ടു. ജൂൺ17ന് ഹർജി വീണ്ടും പരിഗണിക്കും.മാസപ്പടി വിഷയത്തിൽ എസ്എഫ്ഐഒ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിബിഐ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് മാധ്യമപ്രവർത്തകനായ എം.ആർ. അജയനാണ് ഹർജി നല്കിയത്. നേരത്തെ, വേനലവധിക്ക് മുമ്പ് ഹർജി പരിഗണിച്ച കോടതി എസ്എഫ്ഐഒ റിപ്പോർട്ട് അടക്കമുള്ളവ മുദ്രവെച്ച കവറിൽ ഹാജരാക്കാൻ നിർദേശിച്ചിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഡോ. സിസ തോമസിന്റെ പെൻഷൻ ആനുകൂല്യം തടഞ്ഞത് അനുചിതം: സർക്കാരിനെതിരേ ഹൈക്കോടതി

കൊച്ചി: കേരള ഡിജിറ്റൽ സർവകലാശാല താത്കാലിക വിസി ഡോ. സിസ തോമസിന്റെ പെൻഷൻ ആനുകൂല്യം തടഞ്ഞ നടപടി ഒട്ടും അംഗീകരിക്കാനാവില്ലെന്ന് ഹൈക്കോടതി. സർക്കാരിന്റെ നടപടി അനുചിതമെന്നും തികച്ചും അപരിചിതമായ കാര്യമെന്നും കോടതി നിരീക്ഷിച്ചു.അച്ചടക്ക നടപടി നിലനിൽക്കുന്നുന്നതിനാലാണ് ആനുകൂല്യം തടഞ്ഞതെന്നാണ് സർക്കാർ വാദം. അതേസമയം, രണ്ട് വർഷമായി എന്ത് അന്വേഷണമാണ് നടത്തുന്നതെന്നും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതല്ലേയെന്നും കോടതി ചോദിച്ചു.സർക്കാർ ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി സംബന്ധിച്ച അന്വേഷണമുണ്ടെങ്കിൽ അവ വിരമിക്കലിനു മുൻപുതന്നെ പൂർത്തിയാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഹൈക്കോടതി തന്നെ ഉത്തരവുകളിറക്കിയിട്ടുണ്ടെന്നും ജസ്റ്റീസ് മുഹമ്മദ് മുഷ്താഖ് അധ്യക്ഷനായ ഡിവിഷൻ ബഞ്ച് ചൂണ്ടിക്കാട്ടി.സിസ തോമസിനനുകൂലമായി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിറക്കിയ ഉത്തരവിൽ ഇടപെടേണ്ടതില്ലെന്ന് വ്യക്തമാക്കിയ കോടതി ഹർജി അടുത്ത ബുധനാഴ്ചയിലേക്ക് മാറ്റി.2023 മാർച്ച് 31 നാണ് 33 വർഷത്തെ സേവനത്തിനു ശേഷം അധ്യാപക ജോലിയിൽ നിന്ന് ഡോ. സിസ തോമസ് വിരമിച്ചത്. എന്നാൽ അച്ചടക്ക നടപടിയുടെ പേരിൽ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ സർക്കാർ തടഞ്ഞുവയ്ക്കുകയായിരുന്നു. ഇത് ചോദ്യം ചെയ്തുള്ള സിസ തോമസിന്റെ ഹർജിയിലാണ് ഹൈക്കോടതി സർക്കാരിനെ രൂക്ഷമായി വിമർശിച്ചത്.

# മാനേജറെ മർദിച്ചെന്ന് പരാതി; നടൻ ഉണ്ണി മുകുന്ദനെതിരെ കേസെടുത്തു

കൊച്ചി: നടൻ ഉണ്ണി മുകുന്ദനെതിരെ പോലീസ് കേസെടുത്തു. നടൻ തന്നെ മർദിച്ചെന്ന് മാനേജർ വിപിൻ കുമാർ പരാതി നൽകിയതിന് പിന്നാലെയാണ് നടപടി.

കൊച്ചിയിലെ തന്റെ ഫ്ലാറ്റിലെത്തി മർദിച്ചു എന്നാണ് വിപിൻ കുമാർ പരാതി നൽകിയത്. വിശദമായ മൊഴി രേഖപ്പെടുത്തിയ ശേഷമാണ് പോലീസ് കേസെടുത്തത്.

ടൊവിനോ തോമസ് നായകനായ നരിവേട്ടയെ പ്രശംസിച്ചതാണ് മർദനത്തിന് കാരണമെന്ന് വിപിൻ പറയുന്നു. ഇന്ന് രാവിലെ തന്റെ ഫ്ലാറ്റിൽ വന്ന് പാർക്കിംഗ് ഏരിയയിലേക്ക് വിളിച്ച് വരുത്തിയാണ് മർദിച്ചത്. തന്റെ കണ്ണട ചവിട്ടിപ്പൊട്ടിച്ചു. മാർകോയ്ക്ക് ശേഷം പുതിയ പടങ്ങൾ കിട്ടാത്തതിന്റെ നിരാശയാണ് ഉണ്ണി മുകുന്ദനെന്നും അത് പലരോടും തീർക്കുകയാണെന്നും മാനേജർ ആരോപിച്ചു.

പലതരം ഫ്രസ്ട്രേഷനുണ്ട് ഉണ്ണി മുകുന്ദനെന്ന് വിപിൻ പറയുന്നു. സംവിധാനം ചെയ്യാനിരുന്ന പടത്തിൽ നിന്ന് ഗോകുലം മൂവീസ് പിൻമാറി. കൂടെയുള്ളവരോടാണ് ഉണ്ണി ഫ്രസ്ട്രേഷൻ തീർക്കുന്നത്. ആറ് വർഷമായി താൻ ഉണ്ണിയുടെ മാനേജരാണെന്നും വിപിൻ പറയുന്നു.

18 വർഷമായി താനൊരു സിനിമ പ്രവർത്തകനാണ്. പല സിനിമകൾക്ക് വേണ്ടിയും ജോലി ചെയ്തിട്ടുണ്ട്. സിനിമാ സംഘടനകൾക്കും ഉണ്ണി മുകുന്ദനെതിരെ പരാതി നൽകിയിട്ടുണ്ട്. ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. അതൊക്കെ പിന്നീട് പറയുമെന്നും വിപിൻ പ്രതികരിച്ചു.

# ഫോണിൽ സംസാരിച്ച് ബസ് ഓടിച്ചു; സ്വിഫ്റ്റ് ഡ്രൈവറെ സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം: ഡ്രൈവിംഗിനിടെ മൊബൈൽ ഫോണിൽ സംസാരിച്ച സ്വിഫ്റ്റ് ഡ്രൈവറെ കെഎസ്ആർടിസി സസ്പെൻഡ് ചെയ്തു. താമരശേരി ചുരം കയറുന്നതിനിടെ ഫോണിൽ സംസാരിച്ച സ്വിഫ്റ്റ് ബസിലെ ഡ്രൈവറായ ജെ. ജയേഷിനെതിരായാണ് നടപടിയെടുത്തത്.

തിരുവനന്തപുരം സെൻട്രൽ യൂണിറ്റിലെ സ്വിഫ്റ്റ് ഡ്രൈവറാണ് ജയേഷ്. തിരുവനന്തപുരത്തു നിന്ന് സുൽത്താൻ ബത്തേരിയിലേക്ക് സർവീസ് നടത്തിയ ബസ് ആയിരുന്നു ജയേഷ് ഓടിച്ചിരുന്നത്. തിരുവനന്തപുരത്തു നിന്നും ശനിയാഴ്ച പുറപ്പെട്ട ബസ് ഞായറാഴ്ച രാവിലെയാണ് ചുരം കയറിയത്.

ഈ സമയം ജയേഷ് ഫോണിൽ സംസാരിച്ചു കൊണ്ട് അപകടകരമാം വിധമാണ് ബസ് ഓടിച്ചത്. ഇതിന്റെ ദൃശ്യങ്ങൾ ഒരു യാത്രക്കാരനാണ് പകർത്തിയതും സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തത്. വീഡിയോ വൈറലായതോടെ കെഎസ്ആർടിസി വിജിലൻസ് വിഭാഗം അടിയന്തരമായി അന്വേഷണം നടത്തിയിരുന്നു.

ജയേഷിന്റെ ഭാഗത്തുനിന്ന് ഗുരുതരമായ കൃത്യവിലോപവും നിരുത്തരവാദപരമായ പ്രവൃത്തിയുമാണ് ഉണ്ടായതെന്ന് വിജിലൻസ് കണ്ടെത്തിയിരുന്നു. തുടർന്നായിരുന്നു നടപടി. യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷ ഏറെ പ്രാധാന്യമേറിയതാണെന്ന് കെഎസ്ആർടിസി അറിയിച്ചു.

# വാതിൽപ്പടി വിതരണം ഊർജ്ജിതം: മന്ത്രി ജി.ആർ. അനിൽ

ഗതാഗത കരാറുകാരുടെ സമരം അവസാനിച്ചുവെങ്കിലും കാലവർഷം കാരണം റേഷൻ വിതരണം പ്രതിസന്ധിയിലാണ് എന്ന തരത്തിലുള്ള വാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് മന്ത്രി ജി.ആർ. അനിൽ പറഞ്ഞു. കനത്ത മഴയും കാറ്റും ചില സ്ഥലങ്ങളിലെ വാതിൽപ്പടി വിതരണത്തിൽ തടസ്സം സൃഷ്ടിച്ചെങ്കിലും ജൂൺ മാസത്തെ വിതരണത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം നിലവിൽ 65 ശതമാനം പൂർത്തിയായിട്ടുണ്ട്. പൊതുവിതരണ കമ്മിഷണറും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടമായി മന്ത്രി നടത്തിയ അവലോകനയോഗത്തിൽ ഇക്കാര്യം സ്ഥിതീകരിച്ചു.മെയ് മാസത്തെ വിതരണത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ പൂർണമായും പൊതുവിതരണ കേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഈ മാസത്തെ റേഷൻ വിതരണം അവസാനിക്കാൻ 4 ദിവസങ്ങൾ ശേഷിക്കെ മെയ് 27 വൈകുന്നേരം 6 മണി വരെ 3,78,581 കുടുംബങ്ങൾ റേഷൻ കൈപ്പറ്റിയതുൾപ്പെടെ റേഷൻ വിതരണം 58.77 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മലയോര തീരദേശ മേഖലകൾ ഉൾപ്പെടെ മുൻഗണനാ വിഭാഗത്തിൽപ്പെട്ട 80 ശതമാനത്തിലധികം കുടുംബങ്ങൾ റേഷൻ കൈപ്പറ്റിയിട്ടുണ്ട്. വാതിൽപ്പടി വിതരണക്കാരുടെ സമരം നടന്ന ദിവസങ്ങളിൽ പോലും പ്രതിദിനം മൂന്ന് ലക്ഷത്തോളം കുടുംബങ്ങൾ റേഷൻ വിഹിതം കൈപ്പറ്റിയിരുന്നു. സാധാരണയായി മാസത്തിന്റെ അവസാനദിനങ്ങളിലാണ് കൂടുതൽ പേരും റേഷൻ വാങ്ങാനായി പൊതുവിതരണകേന്ദ്രങ്ങളിൽ എത്തിച്ചേരുക. എന്നാൽ നിലവിലെ പ്രതികൂല കാലാവസ്ഥ കണക്കിലെടുത്ത് മാസത്തിന്റെ അവസാന ദിവസത്തേക്ക് മാറ്റി വയ്ക്കാതെ കഴിവതും വേഗം റേഷൻ വിഹിതം കൈപ്പറ്റണമെന്ന് മന്ത്രി അറിയിച്ചു.

## വെഞ്ഞാറമൂട് കൂട്ടക്കൊലപാതകം; പ്രതി അഫാനെതിരെ രണ്ടാം കുറ്റപത്രം സമർപ്പിച്ചു

തിരുവനന്തപുരം: വെഞ്ഞാറമൂട് കൂട്ടക്കൊലപാതക കേസിലെ പ്രതി അഫാനെതിരെ രണ്ടാം കുറ്റപത്രം സമർപ്പിച്ചു. അച്ഛന്റെ സഹോദരനെയും ഭാര്യയെയും കൊലപ്പെടുത്തിയ കേസിലാണ് അന്വേഷണസംഘം കുറ്റപത്രം സമർപ്പിച്ചത്. നെടുമങ്ങാട് മജിസ്ട്രേറ്റ് കോടതിയിലാണ് കുറ്റപത്രം നൽകിയത്.

കൊലപാതകം, അതിക്രമിച്ചുകയറൽ, തെളിവുനശിപ്പിക്കൽ എന്നീ കുറ്റങ്ങളാണ് അഫാനെതിരെ ചുമത്തിയിരിക്കുന്നത്. ബന്ധുക്കളോട് പണം ആവശ്യപ്പെട്ട് നൽകാത്തതിലെ വൈരാഗ്യമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്ന് കുറ്റപത്രത്തിൽ പറയുന്നു. 600 പേജുള്ള കുറ്റപത്രത്തിൽ 360 സാക്ഷികളാണുള്ളത്.

അതേസമയം ജീവനൊടുക്കാൻ ശ്രമിച്ച പ്രതി അഫാൻ നിലവിൽ അതീവ ഗുരുതരാവസ്ഥയിൽ വെൻറിലേറ്ററിൽ ചികിത്സയിലാണ്. കഴിഞ്ഞ ഞായറാഴ്ചയാണ് ആത്മഹത്യാശ്രമം ഉണ്ടായത്. മുണ്ട് ഉപയോഗിച്ചാണ് പൂജപ്പുര ജയിലിലെ ശുചിമുറിയിൽ ആത്മഹത്യാശ്രമം നടത്തിയത്. തുടർന്ന് മെഡിക്കൽ കോളജിലേക്ക് മാറ്റുകയായിരുന്നു.

കഴിഞ്ഞ ഫെബ്രുവരി 24-നായിരുന്നു വെഞ്ഞാറമൂട് കൂട്ടക്കൊലപാതകം നടന്നത്. പിതൃമാതാവ് സൽമാ ബീവി, പിതൃസഹോദരൻ ലത്തീഫ്, ഭാര്യ ഷാഹിദ, സഹോദരൻ അഹ്സാൻ, പെൺസുഹൃത്ത് ഫർസാന എന്നിവരെയായിരുന്നു അഫാൻ കൊലപ്പെടുത്തിയത്.

## ഉയർന്ന തിരമാല : ജാഗ്രത നിർദ്ദേശം നൽകി

കേരള തീരത്ത് 28 ന് രാത്രി 8.30 വരെ 3.5 മുതൽ 4.0 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെ, കൊല്ലം ആലപ്പാട് മുതൽ ഇടവ വരെ, ആലപ്പുഴ ചെല്ലാനം മുതൽ അഴീക്കൽ ജെട്ടി വരെ, എറണാകുളം മുനമ്പം മുതൽ മറുവക്കാട് വരെ, തൃശൂർ ആറ്റുപുറം മുതൽ കൊടുങ്ങല്ലൂർ വരെ, മലപ്പുറം കടലുണ്ടി നഗരം മുതൽ പാലപ്പെട്ടി വരെ, കോഴിക്കോട് ചോമ്പാല മുതൽ രാമനാട്ടുകര വരെ, കണ്ണൂർ വളപട്ടണം മുതൽ ന്യൂമാഹി വരെ, കാസർഗോഡ് കുഞ്ചത്തൂർ മുതൽ കോട്ടക്കുന്ന് വരെയും കന്യാകുമാരി ജില്ലയിലെ നീരോടി മുതൽ ആരോക്യപുരം വരെയുള്ള തീരങ്ങളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു.മത്സ്യത്തൊഴിലാളികളും തീരദേശവാസികളും അതീവ ജാഗ്രത പാലിക്കണം. മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ ബീച്ചുകൾ കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരമുൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായി ഒഴിവാക്കണമെന്നും ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

## ബോധവൽക്കരണ ക്ലാസ്

കേരള യൂണിവേഴ്സിറ്റിയുടെ കീഴിലെ അഫിലിയേറ്റഡ് കോളേജുകളിൽ നടത്തുന്ന നാലുവർഷ ബിരുദ പ്രോഗ്രാമുമായി ബന്ധപ്പെട്ട് പ്ലസ്ടു വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർഥികൾക്കും അവരുടെ രക്ഷകർത്താക്കൾക്കും 30 ന് രാവിലെ 10 ന് തിരുവനന്തപുരം സർക്കാർ ആർട്സ് കോളേജിൽ ബോധവൽക്കരണ ക്ലാസ് നടത്തും.




കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് സംഘടിപ്പിച്ച സംസ്ഥാനതല ലഹരി വിരുദ്ധ പ്രചരണം മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു

# ജീവിത കാലം മുഴുവൻ നിലനിൽക്കുന്ന മൂല്യങ്ങൾ വിദ്യാർഥികളിലേക്ക് എത്തിക്കണം: മന്ത്രി വി ശിവൻ കുട്ടി

ലഹരി വിമുക്തം, വിദ്യാലയം സുരക്ഷിതം എന്ന ലക്ഷ്യത്തോടെ, ഓരോ സ്കൂളും പഠനത്തിനൊപ്പം ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന മൂല്യങ്ങൾ വിദ്യാർത്ഥികളിലേക്ക് എത്തിക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. കേരള സ്റ്റേറ്റ്സ് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് സംസ്ഥാനതല ലഹരി വിരുദ്ധ ക്യാമ്പയിൻ ഉദ്ഘാടനം തിരുവനന്തപുരം എസ് എം വി സ്കൂളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പഠനം ആകട്ടെ ലഹരി എന്ന സന്ദേശം വളരെയധികം പ്രസക്തമാണ്. ലഹരി ഒരു വ്യക്തിയുടെ ജീവിതം മാത്രമല്ല നശിപ്പിക്കുന്നത്. ഒരു കുടുംബത്തെ, സമൂഹത്തെ, ഒടുവിൽ ഒരു രാഷ്ട്രത്തെ തന്നെ ബാധിക്കുന്ന മഹാമാരിയാണത്. അതിനെ ചെറുക്കാൻ നമുക്ക് ആവശ്യമായത് ശക്തമായ പ്രചാരണവും, ബോധവത്കരണവും, പ്രായോഗിക ഇടപെടലുകളുമാണ്.

നമ്മുടെ സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിലെ അതിവേഗ പുരോഗതികൾക്കൊപ്പം, വിദ്യാർത്ഥികളുടെ മാനസികാരോഗ്യവും സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്നതിൽ സംസ്ഥാന സർക്കാർ വലിയ ശ്രദ്ധ ചെലുത്തുന്നു. ലഹരിക്കെതിരെ വിദ്യാലയ തലത്തിൽ തന്നെ ശക്തമായ പ്രതിരോധം നിർമ്മിക്കേണ്ടത് അനിവാര്യമാണ്.

ഈ മുന്നേറ്റത്തിന് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് പോലുള്ള പ്രസ്ഥാനങ്ങൾ മുന്നിൽ നിന്ന് നേതൃത്വം കൊടുക്കുന്നത് അഭിനന്ദനാർഹമാണ്. നേതൃത്വ പരിശീലനവും, സാമൂഹിക ബോധവും, നിസ്വാർത്ഥ സേവന മനോഭാവവുമാണ് ഈ ഘട്ടത്തിൽ ഏറ്റവും പ്രധാനമായ ആയുധം. വിദ്യാർത്ഥികൾ അതിന്റെ മുന്നിൽ കീഴടങ്ങരുത്, മറിച്ച് പ്രതിരോധം തീർക്കണം. അതിനായുള്ള കരുത്തും ആത്മവിശ്വാസവും ഈ ക്യാമ്പയിനിൽ നിന്നും ഉണ്ടാകട്ടെയെന്നും മന്ത്രി ആശംസിച്ചു.

ഇത്തരമൊരു ഉദ്ദേശത്തോടെ ക്യാമ്പയിൻ സംഘടിപ്പിച്ച എല്ലാ ക്രമീകരണങ്ങൾക്കും, സഹകരണങ്ങൾക്കും സർക്കാർ നന്ദി അറിയിക്കുന്നു. കാമ്പയിൻ വിദ്യാർത്ഥികളിൽ നിന്നും അതിന്റെ ഫലപ്രാപ്തി കണ്ടെത്തട്ടെ എന്നതാണ് എന്റെ ആശംസ. നമുക്ക് ഒരുമിച്ച് പ്രവർത്തിച്ചാൽ, ലഹരിയെന്ന മഹാമാരിയെ ചെറുക്കാൻ കഴിയുമെന്ന് ഉറപ്പാണ്. പഠനത്തിനൊപ്പം ചിന്തയും, ജനാധിപത്യ ബോധവും വിദ്യാർഥികളിൽ നിലനിൽക്കണമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ സംസ്ഥാന സെക്രട്ടറി എൻ കെ പ്രഭാകരൻ സ്വാഗതം ആശംസിച്ചു. സ്കൗട്ട്സ് - സ്റ്റേറ്റ് ഓർഗനൈസിംഗ് കമ്മീഷണർ ബാബുരാജൻ സി പി പദ്ധതി വിശദീകരിച്ചു. സ്കൗട്ട്സ് സ്റ്റേറ്റ് കമ്മീഷണർ ബാലചന്ദ്രൻ പാറച്ചോട്ടിൽ, സ്റ്റേറ്റ് ട്രഷറർ ബെന്നി കെ വി, സ്റ്റേറ്റ് കമ്മീഷണർ ആശാലത എന്നിവർ ആശംസകളർപ്പിച്ചു. സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി ലിജി മോൾ പി നന്ദി അറിയിച്ചു.

# വ്യാജ ഡീസൽ നിർമ്മാണ, വിൽപ്പന കേന്ദ്രങ്ങളിൽ സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ വ്യാപക പരിശോധന

സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ വ്യാജ ഡീസൽ നിർമ്മാണ കേന്ദ്രങ്ങളിലും, വിൽപ്പന കേന്ദ്രങ്ങളിലും "ഓപ്പറേഷൻ ഫുവേഗോ മറീനോ" എന്ന പേരിൽ സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ വ്യാപക പരിശോധന.

കേരളത്തിലെ വിവിധ ജില്ലകളിലായി അമ്പതിൽ പുറത്ത് കേന്ദ്രങ്ങളിൽ നാനൂറോളം ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് സംസ്ഥാന ജി.എസ്.ടി ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം സെർച്ച് നടത്തുന്നത്.കടുത്ത പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതും, ഉപയോഗിക്കുന്ന വാഹനങ്ങളുടെയും യന്ത്രങ്ങളുടെയും എഞ്ചിനുകൾക്ക് കേടുപാടുകൾ വരുത്തുന്നതുമായ വ്യാജ ഡീസൽ മുമ്പ് മറ്റ് സംസ്ഥാനങ്ങളിൽ വ്യാപകമായിരുന്നു.

ഇവർ മാർക്കറ്റ് കേരളത്തിലേക്ക് വ്യാപിപ്പിക്കാൻ ശ്രമിക്കുകയാണ്. ആദ്യ പടിയായി മത്സ്യ ബന്ധന ബോട്ടുകൾക്കാണ് ഇവർ വ്യാജ ഡീസൽ വിതരണം ചെയ്യുന്നത്. ചില തീരദേശ ഡീസൽ പമ്പുകൾ വഴിയും അനധികൃത യാർഡുകൾ വഴിയുമാണ് ഇവർ വ്യാജ ഡീസൽ വിറ്റു കൊണ്ടിരിക്കുന്നത്.

തുച്ഛമായ വിലയുള്ള വ്യാജ ഡീസൽ, ഡീസൽ എന്ന പേരിൽ മാർക്കറ്റ് വിലയിൽ നിന്നും ഒന്നോ രണ്ടോ രൂപ കുറച്ചു മാത്രം വിറ്റ് വൻ കൊള്ള ലാഭമാണ് ഈ സംഘം നേടി കൊണ്ടിരിക്കുന്നത്.

പൂർണ്ണമായും നികുതി വെട്ടിച്ച് നടത്തുന്ന ഈ ശൃംഖലയിൽപ്പെട്ടവരുടെ സ്ഥാപനങ്ങളിലും വീടുകളിലുമാണ് പരിശോധന നടക്കുന്നത്. ഇത് വിറ്റ പമ്പുകൾക്കും ഉപയോഗിച്ച ബോട്ടുടമകൾക്കും എതിരെ അന്വേഷണം ആരംഭിച്ചതായി അധികൃതർ അറിയിച്ചു.

ഇത്തരം പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും അനുവദിക്കില്ലെന്നും, ശക്തമായ നിയമനടപടികൾ ഉണ്ടാകുമെന്നും, വ്യാപാരികളും, ഇത് വാങ്ങുന്നവരും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതുമാണെന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ അറിയിച്ചു.

## ധിക്കാരം തുടർന്നാൽ പരാജയപ്പെടുത്തും; അൻവറിനെതിരേ ഒളിയമ്പുമായി വി.ടി.ബൽറാം

തിരുവനന്തപുരം: പി.വി.അൻവറിന്റെ ഭീഷണിക്ക് യുഡിഎഫ് വഴങ്ങില്ലെന്ന് സൂചിപ്പിച്ചുള്ള ഫേസ്ബുക്ക് പോസ്റ്റുമായി കോൺഗ്രസ് നേതാവ് വി.ടി.ബൽറാം. അൻവറിന്റെ പേര് പറയാതെയാണ് ബൽറാമിന്റെ പോസ്റ്റ്.

അയാൾ ശരിയായ നിലപാട് സ്വീകരിക്കുകയാണെങ്കിൽ അയാളെ കൂടെ നിർത്തിക്കൊണ്ട്, അയാൾ തൻപോരിമയും ധിക്കാരവും തുടരുകയാണെങ്കിൽ അയാളെക്കൂടി പരാജയപ്പെടുത്തിക്കൊണ്ട്, നിലമ്പൂർ സീറ്റ് യുഡിഎഫ് പിടിച്ചെടുക്കുമെന്ന് പോസ്റ്റിൽ പറയുന്നു. നിലമ്പൂർ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് യുഡിഎഫിന് മേൽ അൻവർ സമ്മർദം തുടരുന്ന പശ്ചാത്തലത്തിലാണ് പോസ്റ്റ്. പാർട്ടിയെ യുഡിഎഫ് ഘടകകക്ഷി ആക്കിയില്ലെങ്കിൽ അൻവർ നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് തൃണമൂൽ നേതൃത്വം നേരത്തേ വ്യക്തമാക്കിയിരുന്നു.

ഇക്കാര്യത്തിൽ രണ്ട് ദിവസത്തിനുള്ളിൽ യുഡിഎഫ് തീരുമാനം അറിയിക്കണമെന്നും തൃണമൂലിന്റെ നിലമ്പൂർ മണ്ഡലം പ്രസിഡൻറ് ഇ.എ.സുകു അറിയിച്ചു. അൻവറുമായുള്ള ചർച്ചയ്ക്ക് ശേഷമാണ് പാർട്ടി നേതൃത്വം മാധ്യമങ്ങളെ കണ്ടത്.

## കോൺഗ്രസ് തീരുമാനം പറയട്ടെ; മത്സരിക്കുമോയെന്ന് ഇപ്പോൾ പറയുന്നില്ലെന്ന് പി.വി.അൻവർ

മലപ്പുറം: നിലമ്പൂർ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് യുഡിഎഫിന് മേൽ സമ്മർദം തുടർന്ന് പി.വി.അൻവർ. തൃണമൂലിന്റെ മുന്നണി പ്രവേശനത്തിൽ കോൺഗ്രസ് തീരുമാനം പറയട്ടെ. താൻ മത്സരിക്കുമോ എന്നതിൽ ഇപ്പോൾ തീരുമാനം പറയുന്നില്ലെന്നും അൻവർ പ്രതികരിച്ചു.പി.കെ.കുഞ്ഞാലിക്കുട്ടിയെ കണ്ട ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അൻവർ. ലീഗിനെ നിലവിലെ സാഹചര്യം ബോധ്യപ്പെടുത്തി. പോസിറ്റീവായ പ്രതികരണമാണ് ലഭിച്ചത്.

ഇക്കാര്യത്തിൽ ഇനി തീരുമാനം പറയേണ്ടത് കോൺഗ്രസാണ്. കോൺഗ്രസിൽ നിന്ന് ഉത്തരവാദിത്വപ്പെട്ട ആരും തന്നെ ഇതുവരെ വിളിച്ചില്ലെന്നും അൻവർ കൂട്ടിച്ചേർത്തു.പാർട്ടിയെ യുഡിഎഫ് ഘടകകക്ഷി ആക്കിയില്ലെങ്കിൽ അൻവർ നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് തൃണമൂൽ നേതൃത്വം നേരത്തേ വ്യക്തമാക്കിയിരുന്നു. ഇക്കാര്യത്തിൽ രണ്ട് ദിവസത്തിനുള്ളിൽ യുഡിഎഫ് തീരുമാനം അറിയിക്കണമെന്നും തൃണമൂലിന്റെ നിലമ്പൂർ മണ്ഡലം പ്രസിഡൻറ് ഇ.എ.സുകു അറിയിച്ചു. അൻവറുമായുള്ള ചർച്ചയ്ക്ക് ശേഷമാണ് പാർട്ടി നേതൃത്വം മാധ്യമങ്ങളെ കണ്ടത്.